Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 881/KCBC/K-6/KPR/DS*

07.12.20122

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശീതകാല സമ്മേളാനന്തര പ്രസ്താവന**

കൊച്ചി: പാലാരിവട്ടം പിഒസിയിൽ നടന്നുവന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശീതകാല സമ്മേളനത്തിലെ ചർച്ചകളുടെ വെളിച്ചത്തിൽ പുറപ്പെടുവിക്കുന്ന പ്രസ്താവന:

**1. കെസിബിസി ഭാരവാഹികൾ:**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സീറോ മലങ്കര സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ കെസിബിസി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ്പ്രസിഡന്റായി ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടനും സെക്രട്ടറി ജനറാളായി കണ്ണൂർ രൂപാതാധ്യക്ഷൻ അഭിവന്ദ്യ അലക്സ് വടക്കുംതലയും തെരഞ്ഞെടുക്കപ്പെട്ടു.

**2. പട്ടയങ്ങളുടെ നിയമസാധുത റദ്ദാക്കരുത്:**

കേരളത്തിലെ ഭൂപരിഷ്കരണ നിയമങ്ങൾ അനുസരിച്ച് 1970 നു മുമ്പ് കൈവശം വച്ച് കൃഷി ചെയ്തിരുന്ന കൃഷിഭൂമികൾക്ക് ലഭിച്ചിരുന്ന ക്രയവിക്രയ സർട്ടിഫിക്കറ്റ് റദ്ദാക്കാനായി 2020 ൽ പുറപ്പെടുവിച്ച ഓർഡിനൻസ് അടിയന്തരമായി റദ്ദ് ചെയ്ത് കർഷകരെ സഹായിക്കാൻ തയ്യാറാകണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. ഭൂപരിഷ്ക്കരണ നിയമത്തിലെ 72കെ വകുപ്പ് പ്രകാരം കർഷകരായ ഉടമകൾക്ക് ലഭിച്ച പട്ടയസമാനമായ ക്രയസർട്ടിഫിക്കറ്റിനെ 2019 ൽ സുപ്രീംകോടതി ഉടമസ്ഥാവകാശരേഖയായി അംഗീകരിച്ചിരുന്നു. ഇത് മറികടക്കാനായി 1971 ലെ വനം നിയമത്തിലെ മൂന്നാം വകുപ്പ് 50 വർഷത്തെ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യാൻ 2020 മേയിൽ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇതിൻറെ അടിസ്ഥാനത്തിൽ പതിനായിരക്കണക്കിന് കർഷകരെ അനധികൃത കുടിയേറ്റക്കാരായിക്കരുതി നടപടികൾ എടുക്കുന്ന വനം വകുപ്പ് ഗുരുതരമായ കർഷക ദ്രോഹമാണ് നടത്തുന്നത്. ഈ ഓർഡിനൻസ് നിയമമാക്കാനുള്ള പരിശ്രമത്തിൽനിന്ന് സർക്കാർ പിൻമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

**3. ബഫർസോൺ:**

ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനമായ കേരളത്തിൽ ഏത് പ്രദേശവും പട്ടണസമാനമായതിനാൽ ബഫർ സോൺ എന്ന് നിർദ്ദേശിക്കപ്പെടുന്ന പ്രദേശങ്ങളും ഏറെ ജനസാന്ദ്രതയും ഭവനങ്ങളും ഇതര നിർമ്മിതികളും കൃഷിയിടങ്ങളും അടങ്ങിയവയാണ്. 113 പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന ഇവയുടെ ഒരു കൃത്യമായ കണക്കോടുകൂടെ സംസ്ഥാന സർക്കാർ സെൻട്രൽ എംപവേർഡ് കമ്മിറ്റിയിലൂടെ സുപ്രീംകോടതിയെ സമീപിച്ച് കേരളത്തിലെ ബഫർ സോൺ വിധിക്കെതിരെ വിധി സമ്പാദിക്കേണ്ടതാണ്. പ്രസ്തുത കണക്കെടുപ്പ് കേരള വനംവകുപ്പ് ഏല്പിച്ചത് കേരള സംസ്ഥാന റിമോട്ട് സെൻസിംങ് ഏജൻസിയെയാണ് (KSRSEC). ഉപഗ്രഹ സർവ്വേ റിപ്പോർട്ടിലൂടെ ഈ ഏജൻസി നടത്തിയ ഡേറ്റ സമാഹരണ റിപ്പോർട്ട് നാളിതുവരെ പൊതുജനങ്ങളുടെ അറിവിലേക്കും വെരിഫിക്കേഷനുമായി

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

പ്രസിദ്ധീകരിച്ചിട്ടില്ല. ബഫർ സോൺ പ്രദേശത്തെ കൃത്യമായ കണക്കെടുപ്പിനായി റിട്ടയേർഡ് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അദ്ധ്യക്ഷനായി ഒരു സമിതിയെ കേരള സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മീഷൻ ഇപ്പോൾ ഫീൽഡ് വിസിറ്റ് നടത്തി വരുന്നു. സുപ്രീംകോടതി വിധിക്കെതിരെ മഹാരാഷ്ട്ര ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ബഫർ സോൺ ഒഴിവാക്കി വിധി സമ്പാദിച്ചിട്ടും കേരളത്തിന് നാളിതുവരെ സുപ്രീംകോടതിയെ കേരളത്തിലെ നിജസ്ഥിതി അറിയിച്ച് അനുകൂല വിധി നേടാനായിട്ടില്ല. ജനവാസമേഖലകളും കൃഷിയിടങ്ങളും പൂർണമായും ബഫർസോണിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ച് അക്കാര്യം സംസ്ഥാനസർക്കാർ നാഷണൽ വൈൽഡ് ലൈഫ് ബോർഡിനെ ബോധ്യപ്പെടുത്തണമെന്ന് അഭ്യർഥിക്കുന്നു.

**4. വിഴിഞ്ഞം സമരം:**
മത്സ്യതൊഴിലാളികൾ നടത്തിവന്ന ഐതിഹാസിക സമരം ചർച്ചകളിലൂടെ പരിഹരിക്കപ്പെട്ടത് ആശാവഹമാണ്. ചർച്ചകളിൽ ധാരണയായിട്ടുള്ള വിഷയങ്ങളിൽ സത്വരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുമെന്നുള്ള പ്രതീക്ഷയിലാണ് സമരം അവസാനിപ്പിച്ചിരിക്കുന്നത്. സമരനേതാക്കളും മത്സ്യതൊഴിലാളികളും സർക്കാരിൽ അർപ്പിക്കുന്ന വിശ്വാസം നഷ്ടപ്പെടാതിരിക്കുവാൻ എത്രയും വേഗം ക്രിയാത്മക നടപടികളെടുക്കണമെന്ന് അഭ്യർഥിക്കുന്നു. സമരം അവസാനിപ്പിക്കുന്നതിന് സമരസമിതിനേതാക്കളും ലത്തീൻ അതിരൂപതയും മുഖ്യമന്ത്രി ശ്രീ പിണറായി വിജയനും നല്കിയ നേതൃത്വവും മനോഭാവവും പ്രത്യേകം അഭിനന്ദനീയമാണ്.

**5. കുടുംബം:**
സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിന്റെ അസ്തിത്വം തന്നെ ഇല്ലാതാക്കുന്ന പ്രവണതകൾക്കെതിരെ  പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. വാർധക്യകാലം ആസ്വാദ്യകരവും സമൂഹത്തിനും കുടുംബത്തിനും പ്രയോജനകരവുമാക്കാനുതകുന്ന വിധത്തിൽ കുടുംബങ്ങളും സഭാവേദികളും വൃദ്ധജന സൗഹൃദ ഇടങ്ങളായി രൂപപ്പെടണം.

**6. കേരളസഭാനവീകരണം:**
കേരളസഭാനവീകരണം 2022-25 പ്രവർത്തന പദ്ധതികൾക്ക് അംഗീകാരം നല്കി. 2023 ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസും 2024 ഡിസംബറിൽ യുവജനസംഗമവും 2025 ഡിസംബറിൽ മിഷൻ കോൺഗ്രസും നടത്താൻ തീരുമാനമായി. സംസ്ഥാന-രൂപത-ഫൊറോന-ഇടവക തലങ്ങളിൽ വിവിധ പ്രവർത്തനങ്ങളിലൂടെ കുടുംബ നവീകരണം സാധ്യമാക്കിക്കൊണ്ട് കേരള സഭയെ നവ ചൈതന്യത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തന പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.

**7. ദളിത് ക്രൈസ്തവർ:**
പട്ടിക ജാതിയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ 1950-ലെ പ്രസിഡൻഷ്യൽ ഓർഡർ പ്രകാരം പട്ടികജാതി സംവരണം ദളിത് ക്രൈസ്തവർക്ക് നഷ്ടപ്പെട്ടു.  ഈ വിവേചനത്തിനെതിരെ ദളിത് ക്രൈസ്തവർ കഴിഞ്ഞ 72 വർഷങ്ങളായി പ്രതിഷേധങ്ങളും സമരങ്ങളും നടത്തി വരികയാണ്. ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ 2004-ൽ സമർപ്പിക്കപ്പെട്ട ഹർജിയിൽ കേന്ദ്ര സർക്കാർ നല്കിയിട്ടുള്ള നിലപാട് പുനഃപരിശോധിക്കണമെന്നും വിവിധ കമ്മീഷനുകൾ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കുന്നതിന് അനുകൂലമായ നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കണമെന്നും ഇതിനായി സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്യണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ
പ്രസിഡന്റ്, കെസിബിസി

ബിഷപ് മാർ പോളി കണ്ണൂക്കാടൻ
വൈസ് പ്രസിഡന്റ്, കെസിബിസി

ബിഷപ് ഡോ. അല്ക്സ് വടക്കുംതല
സെക്രട്ടറി ജനറാൾ, കെസിബിസി